പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1306

3.10.2016 ൽ
മറുപടിക്ക്

## 'സൈബർ ഡോം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരളാ പോലീസിൽ 'സൈബർ ഡോം' എന്ന സ്പെഷ്യൽ സൈബർ സെൽ എന്നാണ് നിലവിൽ വന്നത്; | (എ) 08.04.2016 ലാണ് സൈബർ ഡോം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) 'സൈബർ ഡോം' നിലവിൽ വന്ന ശേഷം എത്ര കേസുകളിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) സോഷ്യൽ മീഡിയയിലുള്ള 50 ഓളം ലൈംഗിക ചുവയുള്ള വ്യാജ പ്രൊഫൈലുകൾ കണ്ടുപിടിക്കുകയും അവ സോഷ്യൽ മീഡിയയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരാതിയായി ലഭിച്ച 20 ഓളം സമാന രീതിയിലുള്ളവ സോഷ്യൽ മീഡിയയിൽ നിന്ന് നീക്കംചെയ്തിട്ടുണ്ട്. എ.റ്റി.എം/ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ്/ഒ.ടി.പി/ മൊബൈൽ വാലറ്റ് തട്ടിപ്പിൽ സൈബർ ഡോമിന്റെ യഥാസമയത്തുള്ള സാങ്കേതിക ഇടപെടലിൽ 4 പരാതികളിൽ 2 പേർക്ക് ഭാഗികമായി പണം തിരികെ ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ സിനിമാവ്യവസായത്തെ പ്രതിസന്ധിയിലാക്കി-രുന്ന വ്യാജ പതിപ്പുകളെ ഇന്റർനെറ്റിൽ നിന്ന് ഡിലീറ്റ് ചെയ്യുന്നതിന് സൈബർ ഡോമിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് നടന്ന എ.റ്റി.എം തട്ടിപ്പ് കേസിൽ 'സൈബർ ഡോം' -ന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) നൂതനമായ ഉപകരണം ഉപയോഗിച്ച് റുമേനിയക്കാർ നടത്തിയ തലസ്ഥാനത്തെ എ.റ്റി.എം തട്ടിപ്പിൽ അന്വേഷണ ഉദ്യോഗസ്ഥരുമായി നിർണ്ണായകമായ സാങ്കേതിക അറിവ് പങ്കുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ